(ഡി) പൊതുസ്വത്ത് നശിപ്പിക്കുന്നവർക്കെതിരെ പി.ഡി.പി.പി. ആക്ട് അനുസരിച്ച് നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. നഷ്ടം നികത്തുന്നതിന് മറ്റ് സംവിധാനങ്ങൾ നിലവിലില്ല

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

ജനകീയാസൂത്രണ പദ്ധതി നടത്തിപ്പിൽ പ്ലാനിംഗ് ബോർഡിന്റെ പങ്ക്

18 (*164) ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പിരപാടിയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഇപ്പോൾ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജനകീയാസൂത്രണത്തിന്റെ പുരോഗതി സംബന്ധിച്ച് സംസ്ഥാന പ്ലാനിംഗ് ബോർഡ് ഇതിനകം നടത്തിയിട്ടുള്ള വിലയിരുത്തൽ വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പരിപാടിയിൽ വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനും പ്രത്യുൽപ്പാദനപരമല്ലാത്ത ആനുകൂല്യപരിപാടികൾ നടപ്പിലാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന ഗ്രാന്റ്-ഇൻ-എയ്ഡിന് പരിധി നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ജനകീയാസൂത്രണ പരിപാടി നടപ്പാക്കി വരുന്നതിൽ ഗുണപരവും ഘടനാപരവുമായ എന്തെങ്കിലും മാറ്റങ്ങൾവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) അടുത്തവർഷത്തെ പദ്ധതിപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടികൾ മുൻകൂട്ടി നടത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) നടപ്പ് വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ അവലോകനം, നാലാം വാർഷിക പദ്ധതി രൂപീകരണം, ജില്ലാ പദ്ധതി തയ്യാറാക്കൽ എന്നിവയ്ക്കുള്ള പരിശീലനമാണ് ജനകീയാസൂത്രണ പദ്ധതി പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡ് ഇപ്പോൾ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ.

(ബി) 1. ആസൂത്രണത്തിന്റെ ആദ്യവർഷത്തിൽ പ്രോജക്ടുകളും പദ്ധതിരേഖകളും തയ്യാറാക്കുന്നതിനുണ്ടായ ന്യൂനതകൾ വലിയപരിധിവരെ പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

2. ആസൂത്രണത്തിലുള്ള കാലതാമസം ഒഴിവാക്കാൻ നടപ്പു വർഷത്തിൽ നാലാം വാർഷിക പദ്ധതി സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽതന്നെ അംഗീകാരം നൽകാനാണ് ഉദ്ദേശിക്കുന്നത്. പ്രഥമവർഷത്തിൽ സമയബന്ധിതമായ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിനിർവഹണം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞില്ല. എന്നാൽ ഇത്തരത്തിലുള്ള അപാകതകളെല്ലാം ദൂരീകരിച്ച് നടപ്പുവർഷത്തിൽ പദ്ധതി പൂർത്തീകരിക്കുന്നതാണ്.

ഇപ്രകാരം ജനകീയാസൂത്രണത്തിലും പദ്ധതി നിർവഹണത്തിലും ഗണ്യമായ പുരോഗതി കൈവരിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് സംസ്ഥാന ആസൂത്രണ ബോർഡിന്റെ വിലയിരുത്തൽ.

(സി) ഉണ്ട്. മൂന്നാം വാർഷിക പദ്ധതിയിൽ ചില പ്രത്യേക വ്യക്തിഗത ആനുകൂല്യങ്ങൾക്ക് സബ്സിഡി നിരക്കിന് പരിധി നിശ്ചയിച്ചിരുന്നു. പ്രത്യുൽപ്പാദനപരമല്ലാത്ത ചില ഉപഭോഗ വസ്തുക്കൾ വിതരണം ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുവാനും നിർദ്ദേശിച്ചിരുന്നു. വിശദവിവരം അനുബന്ധമായി നൽകിയിട്ടുണ്ട്. †

(ഡി) ഉണ്ട്.

1. പ്രാദേശിക പദ്ധതികൾ തയ്യാറാക്കുന്നതിന് നിയോഗിച്ചിട്ടുള്ള കർമ്മസമിതികൾക്ക് സംസ്ഥാനത്തെ അംഗീകൃത പരിശീലന കേന്ദ്രങ്ങളിലൂടെ ഉന്നത വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകുവാൻ നിശ്ചയിച്ചിട്ടുണ്ട്.
2. ജനകീയാസൂത്രണത്തിൽ മാതൃകാപരമായ പ്രവർത്തനം കാഴ്ചവച്ചിട്ടുള്ള തദ്ദേശ ഭരണസ്ഥാപനങ്ങളുടെ അനുഭവസമ്പത്ത് ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മനസ്സിലാക്കുവാനും ബോദ്ധ്യപ്പെടുവാനും വേദികൾ ഒരുക്കിയിട്ടുണ്ട്.
3. ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ പ്രാദേശിക പദ്ധതികൾ സംയോജിപ്പിച്ച് ജില്ലാ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള പ്രവർത്തനം പുരോഗമിച്ചുവരുന്നു. ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളിലെ കുറവുകളും ദൗർലഭ്യങ്ങളും ജില്ലാതലത്തിൽതന്നെ ചൂണ്ടിക്കാണിച്ച് പരിഹരിക്കുന്നതിന് ജില്ലാപദ്ധതി ഉപകരിക്കുന്നതാണ്. സർക്കാർ നിർദ്ദേശിക്കുന്ന രീതിയിൽ തയ്യാറാക്കപ്പെടുന്ന ജില്ലാ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾകൂടി പരിഗണിച്ചിട്ടായിരിക്കും അടുത്ത വർഷം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കുന്നത്.
4. പ്രാദേശിക പദ്ധതി ആസൂത്രണത്തേയും നിർവ്വഹണത്തേയും തുടർച്ചയായി അവലോകനം ചെയ്യത്തക്കരീതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് വിവര വിനിമയ ശൃംഖല രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലെ ക്രമക്കേടുകളും ആക്ഷേപങ്ങളും പരിശോധിക്കുന്നതിന് സംസ്ഥാനതലത്തിൽ ഓംബുഡ്സ്മാനും ജില്ലാ തലത്തിൽ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പലേറ്റ് ട്രിബ്യൂണലുകളും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ നിയമവ്യവസ്ഥ പ്രകാരം ആഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

(ഇ) ജില്ലാ ആസൂത്രണ സമിതികളുടെ ആഭിമുഖ്യത്തിൽ ജില്ലാ പദ്ധതികൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതികൾ ആവിഷ്കരിക്കുന്ന മാർഗ്ഗരേഖകൂടി പരിഗണിച്ചിട്ടായിരിക്കും ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ നാലാം വാർഷികപദ്ധതി (2000-2001) തയ്യാറാക്കേണ്ടത്. കർമ്മസമിതി അംഗങ്ങൾക്കുള്ള പരിശീലനം 1999 ഡിസംബർ മാസത്തോടെ പൂർത്തിയാക്കുന്നതാണ്.

2000-2001-ലെ വാർഷിക പദ്ധതി തയ്യാറാക്കൽ 2000 മാർച്ച് മാസത്തിനുമുമ്പ് പൂർത്തിയാക്കാനും പദ്ധതി നിർവഹണം ഏപ്രിൽ മാസത്തോടെ ആരംഭിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

വാളന്ററി റിട്ടയർമെന്റിനുള്ള മിനിമം സർവ്വീസ്

19 (*165) ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസിൽനിന്നും സ്വമേധയാ പെൻഷൻപറ്റി പിരിയുന്നതിന് വേണ്ട മിനിമം സർവ്വീസ് എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) വാളന്ററി റിട്ടയർമെന്റിനുള്ള മിനിമം സർവ്വീസ് കാലയളവ് കുറയ്ക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എത്ര വർഷമായി നിജപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) അഭ്യസ്തവിദ്യരും തൊഴിലില്ലാത്തവരുമായ യുവജനങ്ങൾക്ക്കൂടി സർക്കാർ സർവ്വീസിൽ കൂടതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വാളന്ററി റിട്ടയർമെന്റ് പ്രായം നിലവിലുള്ളതിൽനിന്നും കുറച്ച്, ചില പൊതുമേഖലാ സ്ഥാപനങ്ങൾ നടപ്പിലാക്കുന്നതുപോലുള്ള 'ഗോൾഡൻ ഷേക്ക്ഹാന്റ്' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 20 വർഷം.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

(ഡി) ചില പൊതുമേഖലാ സ്ഥാപനങ്ങൾ വാളന്ററി റിട്ടയർമെന്റ് പദ്ധതി പുനഃസംഘടനയുടെ ഭാഗമായും, ദുർമേദസ്സ് കുറയ്ക്കുന്നതിന്റെ ഭാഗവുമായിട്ടാണ് നടപ്പാക്കുന്നത്. അത്തരം തസ്തികകൾ പിന്നീട് നികത്താനുദ്ദേശിച്ചിട്ടുള്ളവയല്ല. അതിനാൽ ആ പദ്ധതി സർവ്വീസ് മേഖലയിൽ സ്വീകരിക്കാൻ സാദ്ധ്യമല്ല.

(ഇ) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly